## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2078** 18.07.2016- ൽ മറുപടിക്ക്

## കാസർകോട് നിയോജകമണ്ഡലത്തിലെ റോഡുകളുടെ ശോചനീയാവസ്ഥ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എൻ.എ. നെല്ലിക്കുന്ന്** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കാസർകോട് നിയോജക മണ്ഡലത്തിലെ എ.പി. സർക്കിൾ - ഗോസാഡ റോഡ്, ചൗക്കി - ഉളിയത്തടുക്ക - എസ്പീപി നഗർ - ഹിദായത്തീനഗർ കോപ്പറോഡ്, കാസർകോട് - മധൂർറോഡ്, വിദ്യാനഗർ - ഉളിയത്തടുക്ക - സീതാം ഗോളിറോഡ്, താരമ്പാടി - പുണ്ടൂർ റോഡ് എന്നീ റോഡുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) എ.പി. സർക്കിൾ - ഗോസാഡ റോഡിൽ കി.മി 2/300 മുതൽ 4/400 വരെയുള്ള ഭാഗമാണ് കൂടുതൽ കേടുപാടുകൾ സംഭവിച്ചിട്ടുള്ളത്.<br><br>ചൗക്കി - ഉളിയത്തടുക്ക - എസ്പീപി നഗർ - ഹിദായത്ത്നഗർ കോപ്പ റോഡിൽ - നിലവിൽ പ്രധാന തകരാറുള്ള ഭാഗം കി.മി 0/000 മുതൽ 1/200 -നും ഇടയിലാണ്.<br><br>വിദ്യാനഗർ - ഉളിയത്തടുക്ക - സീതാം ഗോളി റോഡിന്റെ ചില ഭാഗങ്ങളിൽ pot holes രൂപപ്പെട്ടിട്ടുണ്ട്.<br><br>കാസർകോട് - മധൂർ റോഡിൽ നിലവിൽ തകരാറുള്ള ഭാഗങ്ങൾ കി.മി. 3/300 മുതൽ 4/400 വരെയും 4/700 മുതൽ 6/500 വരെയുമാണ്.<br><br>നക്രംപാറ – അർളട്ടക്കം-കോടിമൂല – പുണ്ടൂർ - നാരമ്പാടി ഏത്തടുക്ക റോഡ് - നിലവിൽ കി.മി. 5/500 മുതൽ 7/000, വരെയുള്ള ഭാഗമാണ് കൂടുതൽ കേടുപാടുകൾ സംഭവിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത റോഡുകൾ പുനരുദ്ധരിക്കുന്നതിന് പണം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രവൃത്തി എപ്പോൾ തുടങ്ങുമെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ പണം അനുവദിച്ച് പ്രവൃത്തി തുടങ്ങാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | ഭരണാനുമതി നൽകിയിരുന്നു. 17.06.2016-ലെ സർക്കാർ കത്ത് PWD-PS1/63/16-PWD പ്രകാരം 01.01.2016 മുതൽ SLTF ശുപാർശ ചെയ്തിരുന്ന പ്രവൃത്തികൾ താല്ക്കാലികമായി നിർത്തിവയ്ക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. |
| (സി) | റോഡിന്റെ അറ്റകുറ്റപ്പണികൾക്ക് സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി ഭരണാനുമതി നൽകുമ്പോൾ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഈ സ്കീമിൽ ഉൾപ്പെടുത്തി മുകളിൽ പറഞ്ഞ റോഡുകൾ നന്നാക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ? | (സി) | ജില്ലാതല ടാസ്ക് ഫോഴ്സ് ആവശ്യകതയിലും മുൻഗണനാ ക്രമത്തിലും നിർദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി പരിഗണിക്കുന്നത്.<br><br>ഈ സ്കീമിൽ ഉൾപ്പെടുത്തി എ.പി. സർക്കിൾ - ഗോസാഡ റോഡിൽ ഉപരിതലം പുതുക്കുന്നതിന് കി.മി 2/300 മുതൽ 3/500 വരെ 15 ലക്ഷം രൂപയും കി.മി 3/500 മുതൽ 4/400 വരെ 15 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>ചൗക്കി - ഉളിയത്തടുക്ക - എസ്പി നഗർ - ഹിദായത്തീനഗർ കോപ്പറോഡിന് കി.മി 0/000 മുതൽ 1/200 വരെ 170 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>വിദ്യാനഗർ - ഉളിയത്തടുക്ക - സീതാം ഗോളി റോഡിന്റെ പ്രവൃത്തികൾക്ക് സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സുമായി ബന്ധമില്ല. എന്നാൽ സ്റ്റേറ്റ് റോഡ് ഇംപ്രൂവമെന്റ് പ്രൊജക്റ്റ് (SRIP) ൽ ഉൾപ്പെടുത്തി പ്രസ്തുത റോഡ് നവീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

കാസർകോട് - മധൂർറോഡിന് കി.മി. 3/300 മുതൽ 3/400 വരെ കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തിക്കും 3/400 മുതൽ 4/400 വരെ ബി.എം & ബി.സി ചെയ്യുന്ന പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ